**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4335** **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പതിനായിരം ഹെൽപ്പർമാരുടെയും ആയിരത്തി അഞ്ഞൂറ് ഡേറ്റ എൻട്രി ഓപ്പറേറ്റർമാരുടെയും തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ വഴി താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് ബോർഡ് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ഇതിലേക്കായി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു കൊണ്ട് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം വൈദ്യുതി ഭവനിൽ സർക്കാർ അംഗീകരിച്ച ദിവസവേതനാടിസ്ഥാനത്തിൽ വിവിധ ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായാണ് കുടുംബശ്രീ മിഷനുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഹെൽപ്പർമാരെ നിയോഗിക്കുന്നത്.<br>കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദിനം പ്രതിയുള്ള ആവശ്യം അനുസരിച്ചാണ് കുടുംബശ്രീ ഇതിനായി ആൾക്കാരെ നിയോഗിക്കുന്നത്. ഓരോ മാസവും നിറവേറ്റിയ തൊഴിൽ ദിനങ്ങൾ കണക്കാക്കിയുള്ള വേതനം കുടുംബശ്രീ മിഷന് നേരിട്ടാണ് നൽകുന്നത്. നിലവിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കുടുംബശ്രീ വഴി നിയോഗിക്കുന്നില്ല. വൈദ്യുതി ഭവനിൽ ഓഫീസ് അറ്റൻഡർമാരുടെ അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണത്തിൽ കുറവുവരുന്ന എണ്ണം കുടുംബശ്രീ വഴി നികത്തുന്നതിനും, താത്കാലിക ആവശ്യം കഴിയുമ്പോൾ ഇവരുടെ സേവനം നിർത്തലാക്കുന്നതിനുമാണ് ബോർഡ് ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്.<br>ഇതിലേക്കായി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു കൊണ്ട് ബോർഡ് ഉത്തരവ് ഇറക്കിയിട്ടില്ല. |
| (ബി) | ബോർഡിലെ സ്ഥിരം ഒഴിവുകൾ യഥാസമയം പി.എസ് .സി വഴിയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴിയും മാത്രമേ നടത്താൻ പാടുള്ളൂ എന്ന ചട്ടം നിലനിൽക്കെയാണോ ഇത്തരം നിയമനങ്ങൾ നടത്തുന്നതിന് തീരുമാനം എടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | ബോർഡിലെ സ്ഥിരം ഒഴിവുവരുന്ന തസ്തികകളിൽ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ.പി.എസ്.സി.) വഴി സ്ഥിര നിയമനവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനവും നടത്താനാകൂ.<br>ദൈനംദിനാവശ്യങ്ങൾക്കുള്ള ജോലികൾ പുറം കരാർ വഴിയേ നിർവ്വഹിക്കാനാകൂ. |
| (സി) | എത്ര പേരെയാണ് ഇപ്രകാരം ഇതിനോടകം നിയമിച്ചിട്ടുള്ളതെന്നും റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെയാണോ നിയമനം | (സി) | ചീഫ് എഞ്ചിനീയർ (സിവിൽ കൺസ്ട്രക്ഷൻ) സൗത്ത് അംഗീകരിച്ച ഒരു വർഷത്തേയ്ക്കു വരുന്ന ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു ദിവസം 30 പേർ എന്ന |

| | | | |
|---|---|---|---|
| | നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | | ഉദ്ദേശ കണക്കിൽ 300 പ്രവർത്തിദിവസത്തേയ്ക്ക് 9000 തൊഴിൽ ദിനങ്ങളാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഡി) | കെ.എസ്.ഇ.ബി. യിലെ സാങ്കേതിക പരിഷ്കാരങ്ങൾ പരിഗണിച്ച് മൂവായിരത്തോളം ഒഴിവുകളുള്ള മീറ്റർ റീഡർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നോ; | (ഡി) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മീറ്റർ റീഡിങ്ങിൽ പുതിയ സാങ്കേതിക വിദ്യയുടെ ആവിർഭാവവും നൂതന പരിഷ്കാരങ്ങളും നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ 23.02.2018 – ൽ ബോർഡ് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ B.O (DB) No.494/2018 (Estt.II/6718/2016) പ്രകാരം മീറ്റർ റീഡർ തസ്തികയുടെ എണ്ണം 1721 – ൽ നിന്നും 922 ആയി കുറയ്ക്കുകയുണ്ടായി. |
| (ഇ) | ഇതിന്റെ ഭാഗമായി നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 436 പേരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ആയത് മുൻ വകുപ്പ്മന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിരുന്നോ; | (ഇ) | കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ് ലൈൻസ് പ്രകാരം (Revamped Reforms Linked Results-Based Sector Scheme) Prepaid, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. മീറ്ററിംഗുമായി ബന്ധപ്പെട്ട് ഇത്തരം സ്ഥിതി മാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 07.10.2021 - ൽ ബോർഡ് പുറപ്പെടുവിച്ച് ഉത്തരവ് നമ്പർ- B.O (FTD) No.744/2021(No.EB4(C)/Recruitment/21-22) പ്രകാരം 218 ഒഴിവ് കഴിച്ചുള്ള എല്ലാ ഒഴിവുകളും മാറ്റി വച്ചിരിക്കുകയാണ്. നിയമന നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്ക് പുറമേ ബാക്കി ഒഴിവുകൾ കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തില്ല. |
| (എഫ്) | ഈ തീരുമാനത്തിന് വിരുദ്ധമായി ഒഴിവുകളുടെ എണ്ണം ഇപ്പോൾ പകുതിയോളം വെട്ടിക്കുറയ്ക്കുക ഉണ്ടായോ; എങ്കിൽ സ്ഥിരം ഒഴിവുകളിൽ നിയമനങ്ങൾ കുറയ്ക്കുകയും താൽക്കാലിക നിയമനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ് ലൈൻസ് പ്രകാരം (Revamped Reforms Linked Results-Based Sector Scheme) Prepaid, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. മീറ്ററിംഗുമായി ബന്ധപ്പെട്ട് ഇത്തരം സ്ഥിതി മാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 07.10.2021 - ൽ ബോർഡ് പുറപ്പെടുവിച്ച് ഉത്തരവ് നമ്പർ- B.O (FTD) No.744/2021(No.EB4(C)/Recruitment/21-22) |

| | | | |
|---|---|---|---|
| | | | പ്രകാരം 218 ഒഴിവ് കഴിച്ചുള്ള എല്ലാ ഒഴിവുകളും മാറ്റി വച്ചിരിക്കുകയാണ്. നിയമന നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്ക് പുറമേ ബാക്കി ഒഴിവുകൾ കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ